മി. സ്പീക്കർ: മോഷൻ വാദപ്രതിവാദം ചെയ്യാൻ വേണ്ടി വരുന്ന സമയത്തെപ്പറ്റിയും മറ്റും പാർട്ടിനേതാക്കന്മാരുമായി ആലോചിച്ച് എല്ലാവർക്കും സ്വീകാര്യമായ ഒരു തീരുമാനത്തിലെത്താൻ നിർഭാഗ്യവശാൽ സാധിച്ചിട്ടില്ല. മോഷൻ നാളെത്തന്നെ ഡിസ്കസ് ചെയ്യണമെന്ന ഗവണ്മെന്റ് ഭാഗത്തുനിന്നും ശക്തിയായ അഭിപ്രായമുണ്ട്. അതു വോട്ടിംഗിനുവരുന്നതു 15-ാംതിയതി ആയിരിക്കണമെന്നും മൂന്നു ദിവസത്തെ വാദപ്രതിവാദം വേണമെന്നും പ്രതിപക്ഷകക്ഷികൾ ആവശ്യപ്പെടുന്നു. ഈ പരിതഃസ്ഥിതിയിൽ ഒരു തീരുമാനം ചെയ്യാൻ സാധിക്കാത്ത നിലയിലാണ് ഞാൻ നിൽക്കുന്നതു്. എതായാലും ഒരു ദിവസത്തേയ്ക്കു് ഇതു ഫിക്സ് ചെയ്യാൽ കൊള്ളാമെന്നു വിചാരിക്കുന്നു. അക്ടോബർ 13-ാം തീയതി ചൃഴാഴ്ച കാലത്തു 8 മണിക്ക് മോഷൻ ചർച്ചയ്ക്കെടുക്കുന്നതാണെന്നും അന്നു ഉച്ചയ്ക്കു ഒരു മണിക്ക് വോട്ടിംഗ് നടത്തുന്നതാണെന്നും ഞാൻ പ്രഖ്യാപിക്കുന്നു.

Calling attention to matters of urgent Public Importance under Rule 66.

MR. SPEAKER : I have recei ed two notices under Rule 66. One is from Shri P. R. Madhavan Pillai and the other from Shri R. Prakasam. Under the rules not more than one such matter shall be raised on the same day. I shall read Mr. Prakasam's Statement :

> "I wish to call the attention of the Minister for Labour, to the urgent and important situation which has arisen in the coastal areas of Chirayinkil taluk due to the stoppage of coir yarn production by the local employers. This has resulted in the virtual unemployment of 30,000 workers. The matter arose out of the unwillingness of raw material (Cocoanut husk) owners to supply the same at reasonable prices so that the workers may get the minimum wage notified by the Government.
>
> I request you to be kind enough to give me permission to call the attention of the Minister for Labour today under Rule 66."

What has the Minister to say on the matter ?

SHRI PANAMPILLI GOVINDA MENON : I must get some time to study the matter. It may be taken up another day.

MR. SPEAKER : It will be taken up another day.

FINANCIAL BUSINESS

MR. SPEAKER : We will pass on to the supplementary demands for grants.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇപ്പോഴത്തെ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നുള്ള ഒരു പ്രമേയം വന്നിരിക്കുകയാണ്. അതു വരുന്ന വ്യാഴാഴ്ച വാദപ്രതിവാദത്തിനു വച്ചിരിക്കുകയാണ്. ഭരണം ആക്കാണ് പ്രധാൻപോകുന്നതു എന്നു അറിയാത്ത നിലയിലാണ് ഇപ്പോൾ ഇരിക്കുന്നതു്. അതുകൊണ്ടു് അതു കഴിഞ്ഞിട്ടു സപ്ലിമെന്ററി ഗ്രാന്റ് അനുവദിക്കുന്നതല്ലേ ശരി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞങ്ങൾ പോകുകയാണെങ്കിൽ ഈ പണവും കൂടെ കൊണ്ടുപോകുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതിനെക്കുറിച്ചു എനിക്കു സംശയമില്ല. പക്ഷേ മറ്റു പലർക്കും സംശയമുണ്ട്.

ശ്രീ. ടി. കെ. മാധവൻ: സപ്ലിമെന്ററി ഗ്രാന്റ് മാറ്റിവച്ചിട്ടു ലെജിസ്ലേറ്റീവു ബിസിനസ്സ് എടുത്താൽ കൊള്ളാം.

മി. സ്പീക്കർ: അജൻഡയിലെ പ്രോഗ്രാം മാറ്റണമെന്നതിനു സഭയുടെ അനുവാദം ആവശ്യമാണ്. അതു് ഇപ്പോൾ മാറ്റുകയാണെങ്കിൽ അതുകൂടെ പ്രോഗ്രാം എല്ലാം കുഴയും. അതിനാൽ സപ്ലിമെന്ററി ഗ്രാന്റ് ഇപ്പോൾ മൂവ് ചെയ്യാവുന്നതാണ്.

DEMANDS FOR SUPPLEMENTARY GRANTS.

Demand I—13. Other Taxes and Duties.

Chief Minister (SHRI PANAMPILLI GOVINDA MENON : Sir, I move for a supplementary grant of Rs. 42,200 under Demand I—13.Other Taxes and Duties.

Home Minister (SHRI A. J. JOHN): I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിന്റെ ഏറ്റവും പ്രധാനമായിട്ടുള്ളതു് കളക്ഷൻചാർജ്ജസ്സാണ്. പുതിയ നിയമസഭയിലാണ് ജനറൽ സെയിൽസ്ടാക്സ് ആക്ടിനു അമൻഡുചെയ്തു സെയിൽസ് ടാക്സിനു സെപ്പറേറ്റു ട്രിബ്യൂണൽ വയ്ക്കണമെന്നു തീരുമാനിച്ചതു്. അതിന്റെ നടപടിനടത്തുന്നതിനു മുതിനായിരത്തിരൂപ ആവശ്യമാണ്. അതു് ആദ്യത്തെ സ്റ്റേറ്റിൽ കൊള്ളിക്കാൻ സാധിക്കാത്തതു്, ഈ നിയമം പിന്നെ വന്നതുകൊണ്ടാണ്. മറ്റൊന്നതു് സെയിൽസ് ടാക്സ് ബിൽഡിംഗുകളുടെ റെന്റ് കൊടുക്കുന്നതിനു് ഒറിജിനൽ ഗ്രാന്റിൽ കൊള്ളിച്ചിരിക്കുന്ന തുക പോരാതെ വന്നു. അതോടുകൂടി 1952-ൽ അസിസ്റ്റന്റ് കമ്മീഷണരുടെ തസ്തിക 450 രൂപ മുതൽ 750 രൂപവരെ ആക്കിയ ഇനത്തിൽ അല്പംകൂടി പണം വേണം. ഈ സംഖ്യ അനുവദിച്ചുതരണം.

SHRI A. THANU PILLAI: Sir, I wish to get some information. Why was the advance increment granted from 22-11-1952 to the Deputy Sales Tax Commissioner? What was the necessity or occasion for it?

LIBRARY ARCHIVES Kerala Legislative Assembly